**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2504** **17-03-2022 - ൽ മറുപടിയ്ക്ക്**

**റീബിൽഡ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രളയത്തെ തുടർന്ന് സർക്കാർ ആവിഷ്കരിച്ച റീബിൽഡ് കേരള പദ്ധതിയിൽ 13.82 ശതമാനം തുക മാത്രമാണ് ചെലവഴിച്ചത് എന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ പദ്ധതികൾ 14 വകുപ്പുകളിലായാണ് നടന്നുവരുന്നത്. ഇവയിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികളുണ്ട്. നിർവഹണത്തിന്റെ ഓരോ ഘട്ടത്തിലും പദ്ധതികൾക്ക് ആവശ്യമായ തുക അതാതു വർഷത്തെ ബജറ്റ് വിഹിതത്തിൽനിന്ന് അനുവദിക്കുകയാണ് ചെയ്യുന്നത്. ഇതുവരെ ആകെ ആയിരം കോടി രൂപ പദ്ധതികൾക്കായി ഇത്തരത്തിൽ ചെലവഴിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഈ സാമ്പത്തികവർഷം (14/03/2022 വരെ) 41.48 % തുക ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | റീബിൽഡ് കേരള പദ്ധതിക്കായി ലോക ബാങ്കിൽ നിന്നും ലഭിച്ച ആയിരത്തി എഴുനൂറ്റി എൺപത് കോടി രൂപ വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | റീബിൽഡ് കേരള പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് വികസന നയവായ്പയായി 250 ദശലക്ഷം ഡോളറാണ് (1779.58 കോടി രൂപ) ലഭ്യമായത്. ഈ തുക സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്കാണ് ലഭ്യമാകുന്നത്. ഇതിൽ നിന്നും ഓരോ വർഷവും ബജറ്റ് വിഹിതമായാണ് റീബിൽഡ് കേരളയ്ക്ക് തുക അനുവദിക്കുന്നത്. ഇത്തരത്തിൽ 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി ആകെ 3830 കോടി രൂപ ആർ.കെ.ഐയ്ക്ക് വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെ പുരോഗതി വിലയിരുത്തി ഓരോ ഘട്ടത്തിനും ആവശ്യമായ തുക അനുവദിക്കുകയാണ് ചെയ്യുന്നത്. |
| (സി) | ലോക ബാങ്കിൽ നിന്നും രണ്ടാം ഗഡു ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ രണ്ടാം ഗഡു ലഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (സി) | വികസനനയ വായ്പയുടെ രണ്ടാം ഗഡു സംബന്ധിച്ച അനുമതിക്കായി കേന്ദ്ര സർക്കാരിനെ സമീപിച്ചെങ്കിലും, എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും കോവിഡ് പ്രതിസന്ധി നേരിടുന്നതിനായി ദേശീയതലത്തിൽ വികസനനയ വായ്പ എടുക്കുന്നതിന് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ സംസ്ഥാനതലത്തിലുള്ള |

| | | | | |
|---|---|---|---|---|
| | | | | പ്രത്യേക വികസനനയ വായ്പ പരിഗണിക്കാനാകില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചതിനെത്തുടർന്ന്, ലോകബാങ്കിന്റെ നിർദ്ദിഷ്ട റസീലിയന്റ് കേരള പ്രോഗ്രാം ഡവലപ്മെന്റ് പോളിസി ഓപ്പറേഷൻ (DPO-2), പ്രോഗ്രാം ഫോർ റിസൽട്ട് (PforR) രീതിയിലേക്ക് മാറ്റുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതി തേടുകയും അംഗീകാരം ലഭിക്കുകയും ചെയ്തു. പ്രകൃതിദുരന്തങ്ങളുടെ ഫലമായുണ്ടാകുന്ന ഭൗതികവും സാമ്പത്തികവുമായ ദുർബലാവസ്ഥ കുറയ്ക്കുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമായി പൊതു, സ്വകാര്യ ആസ്തികളുടെ അതിജീവനക്ഷമത ഉറപ്പിക്കുന്ന തരത്തിൽ "കൂടുതൽ മികവുള്ള പുനർനിർമാണ" ത്തിനുള്ള സാമ്പത്തിക പിന്തുണ തുടർന്നും ഉറപ്പാക്കുന്നതിനായി, പൂർത്തീകരിച്ച ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുന്ന, ഫലപ്രാപ്തി അധിഷ്ഠിത പരിപാടി (Program for Results-PforR) എന്ന തരത്തിലാകും RKDP-II. അപ്രകാരം, മൊത്തം 370 ദശലക്ഷം ഡോളറിന്റെ റസീലിയന്റ് കേരള PforR പദ്ധതിയിൽ കോ ഫിനാൻസിംഗ് മാതൃകയിൽ ലോകബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും (AIIB) ഫ്രഞ്ച് ബാങ്കായ AFDയും വായ്പ നൽകും. ഇതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ സ്വാഭാവികമായ കാലവിളംബം മാത്രമാണ് ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ